പങ്കെടുക്കാനും ദേശീയ നേതാക്കളോടൊപ്പം പ്രവർത്തിക്കാനും കഴിഞ്ഞു. കുറച്ചു കാലം അദ്ദേഹം സർദാർ വല്ലഭായി പട്ടേലിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. കേരളത്തിൽ ഐ.എൻ.ടി.യു.സി.-ക്ക് ബീജാവാപം ചെയ്ത നായർ ആ സംഘടനയുടെ സ്ഥാപക പ്രസിഡന്റും അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറിയുമായി. തോട്ടം തൊഴിലാളികൾക്ക് സംഘടനാ സ്വാതന്ത്ര്യവും മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകളും നേടിയെടുക്കുന്നതിനായി അദ്ദേഹം സന്ധിയില്ലാതെ സമരം ചെയ്തു. 1977-ൽ മാവേലിക്കര നിന്നും 1980-ൽ കൊല്ലത്തുനിന്നും അദ്ദേഹം ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തിരക്കുള്ള പാർലമെന്റേറിയനായിരിക്കുമ്പോഴും ട്രേഡ് യൂണിയൻ രംഗത്തോടുള്ള തന്റെ പ്രതിബദ്ധത അദ്ദേഹം കാത്തുസൂക്ഷിച്ചു. തൊണ്ണൂറുകളുടെ മദ്ധ്യംവരെ പ്രവർത്തന നിരതനായിരുന്നു അദ്ദേഹം. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ തലമുതിർന്ന തൊഴിലാളി നേതാക്കളിൽ ഒരാളെയാണ് ബി. കെ. നായരുടെ നിര്യാണത്തോടെ നഷ്ടമായിരിക്കുന്നത്.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റു നിന്ന് മൗനം ആചരിച്ചു.)

III. ശ്രദ്ധക്ഷണിക്കൽ

(1) മീൻവല്ലം ജലവൈദ്യുത പദ്ധതിയുടെ നിർവ്വഹണത്തിന് വായ്പ ലഭിക്കുന്നതിന് സർക്കാർ ഗ്യാരന്റി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, പാലക്കാട് ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തതാണ് മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി. അതിന്റെ നിർമ്മാണത്തിനാവശ്യമായ തുക വായ്പ എടുക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി നൽകണമെന്നുള്ള ആവശ്യമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഇന്ത്യയിൽ ആദ്യമായി ഒരു തദ്ദേശ സ്വയംഭരണ സമിതി ഏറ്റെടുത്ത് നടത്തുന്ന പദ്ധതിയാണ് മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി. ഭാരതപ്പുഴയുടെ പോഷകനദികളിലൊന്നായ തുപ്പനാട് നദിയിൽ കരിമ്പ ഗ്രാമപഞ്ചായത്തിലെ മീൻവല്ലം വെള്ളച്ചാട്ടത്തിനടുത്താണ് പാലക്കാട് ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി ഈ പദ്ധതി സ്ഥാപിക്കുന്നത്. 3 മെഗാവാട്ട് പ്രവർത്തന ശേഷിയുള്ള ഈ പദ്ധതിയിൽനിന്ന് പ്രതിവർഷം 85 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് ആകെ ചെലവ് 912 ലക്ഷം രൂപയാണ്. നിർമ്മാണ കാലയളവിലെ പലിശകൂടി കണക്കാക്കിയാൽ ആകെ 992 ലക്ഷം രൂപ വേണ്ടിവരും. ഇതിൽ 250 ലക്ഷം രൂപ ഓഹരി മൂലധനമായും ബാക്കിയുള്ള 742 ലക്ഷം രൂപ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായും സ്വരൂപിക്കാനാണ് ഉദ്ദേശം. ഓഹരി ഇനത്തിൽ ജില്ലാ പഞ്ചായത്ത് 183.88 ലക്ഷം രൂപയും, നാല് ബ്ലോക്ക് പഞ്ചായത്തുകളും 12 ഗ്രാമപഞ്ചായത്തുകളും ഒരു ലക്ഷം രൂപ വീതവും ആയി ആകെ 199.88 ലക്ഷം രൂപയും ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശ പ്രകാരം പദ്ധതി നടപ്പിലാക്കുന്ന പാലക്കാട് 'സ്മാൾ ഹൈഡ്രോ കമ്പനി ലിമിറ്റഡ്' എന്ന പേരിൽ കമ്പനി രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് പവ്വർ വകുപ്പ് പാലക്കാട് ജില്ലാ പഞ്ചായത്തിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ഉപദേഷ്ടാവായി നിയമിച്ച ഐ.ആർ.സി. തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് ഗവൺമെന്റ് നിയമിച്ച ഒരു കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ 1.15 ഹെക്ടർ വനഭൂമി അനുവദിച്ച് ഉത്തരവായി എങ്കിലും മരങ്ങൾ മുറിച്ചുമാറ്റി നിശ്ചിത വനഭൂമി ജില്ലാ പഞ്ചായത്തിനോ, കമ്പനിക്കോ കൈമാറിയിട്ടില്ല. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ടേൺ കീ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് പൊതുമേഖലാ സ്ഥാപനമായ "സിൽക്ക്"-നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കമ്പനി 90 ലക്ഷം രൂപ "സിൽക്ക്"-ന് അഡ്വാൻസ് നൽകിയിട്ടുണ്ട്. ഓർഡറിന്റെ അടിസ്ഥാനത്തിൽ പെൻസ്റ്റോക്ക് പൈപ്പുകളും ഏതാനും മെഷിനറികളും എത്തിയിട്ടുണ്ട്. മീൻവല്ലം പദ്ധതിയിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും കെ. എസ്.ഇ.ബി. വാങ്ങാനും ധാരണാ പത്രത്തിൽ ഒപ്പുവച്ചിരുന്നു. 2.5 രൂപയ്ക്ക്. വിശദമായ പവ്വർ പർച്ചേസ് ഉടമ്പടി ഒപ്പുവയ്ക്കുന്നതിനുള്ള അംഗീകാരവും ഗവൺമെന്റ് നൽകി. ഗവൺമെന്റ് ഉത്തരവിൽ ഈ പ്രോജക്ടിനുവേണ്ടി ഗവൺമെന്റ് ഗ്യാരന്റി നൽകില്ല എന്നറിയിച്ചിട്ടുണ്ട്. ഗവൺമെന്റ് ഗ്യാരന്റി നൽകാത്തതിനാൽ ധനകാര്യ സ്ഥാപനങ്ങൾ പദ്ധതിക്കുവേണ്ടി വായ്പ നൽകുന്നതിന് തയ്യാറാകുന്നില്ല. കേരളാ പവ്വർ ഫിനാൻസ് കോർപ്പറേഷൻ 371 ലക്ഷം രൂപ വായ്പ നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ബാക്കി തുക ലഭിക്കുന്നതിന് മറ്റ് ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുമ്പോൾ ഗവൺമെന്റ് ഗ്യാരന്റി ഇല്ലാത്തതിനാൽ വായ്പ നൽകുന്നില്ല. മറ്റ് പോംവഴി ആരാഞ്ഞ ഗവൺമെന്റ് കേരളാ മിനറൽസ് ആന്റ് മെറ്റൽസിനെ സമീപിച്ചിട്ടുണ്ട്. വൈദ്യുതി ധാരാളമായി ഉപയോഗിക്കേണ്ടിവരുന്ന പൊതുമേഖലാ സ്ഥാപനമായ കേരളാ മിനറൽസ് ആന്റ് മെറ്റൽസുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിലേയ്ക്കും കെ.എസ്.ഇ.ബി.-യിലേക്കും പ്രൊപ്പോസൽ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം മീൻവല്ലം പദ്ധതിയിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എം.എം.എൽ.-ന് വിൽക്കണം. പദ്ധതി നിർവ്വഹണത്തിനാവശ്യമായിവരുന്ന ധനസഹായം കെ.എം.എം.എൽ. നൽകാനും ഒരു ഉടമ്പടി-ഒപ്പുവയ്ക്കണം. മീൻവല്ലം പദ്ധതിയിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എം.എം.എൽ.-ന് വിൽക്കുന്നതിന് ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമാണ്. ഗവൺമെന്റ് അംഗീകാരം നൽകിക്കഴിഞ്ഞാൽ മാത്രമേ കെ.എം.എം.എൽ.-ന് ഒരു പവ്വർ പർച്ചേസ് ഉടമ്പടി ഒപ്പു വയ്ക്കുന്നതിനും പദ്ധതി നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാനും കഴിയൂ. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലോൺ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. മീൻവല്ലം പദ്ധതിപ്രദേശത്തേക്കുള്ള അപ്രോച്ച് റോഡിന്റെ പണിയും ഫസ്റ്റ് ഫേസ് പൂർത്തിയായിട്ടുണ്ട്. ഫസ്റ്റ് മെറ്റലിംഗ് പണി തുടങ്ങി. ഏകദേശം 18 മാസങ്ങൾകൊണ്ട് ഈ പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയും. സർക്കാർ ഒരു യോഗം വിളിച്ചുകൂട്ടി ചർച്ചചെയ്തതിന്റെ അടിസ്ഥാനത്തിൽ മീൻവല്ലം പദ്ധതിക്കുവേണ്ട നോട്ടിഫിക്കേഷൻ നൽകുന്നതിനും പാലക്കാട് സ്മാൾ

LIBRARY ARCHIVES Kerala Legislative Assembly

ഹൈഡ്രോ കമ്പനി മാനേജിംഗ് ഡയറക്ടറെ സെക്രട്ടറിയായി നിയമിക്കുന്നതിനും ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് അനുസരിച്ച് ഉണ്ടായിരിക്കേണ്ട യോഗ്യത ഉൾക്കൊള്ളുന്ന ആർട്ടിക്കിൾ ചേർക്കുന്നതിനും അറിയിച്ചിട്ടുണ്ട്. അതുപ്രകാരം ഗവൺമെന്റ് നിർദ്ദേശം പാലിക്കുന്നതിന് കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനിച്ചു. ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷനിൽ പുതിയ ആർട്ടിക്കിൾ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് ജില്ലാ പഞ്ചായത്തും കമ്പനിയും പ്രവർത്തിക്കുന്നത്. പദ്ധതി നിർവഹണത്തിനാവശ്യമായ വായ്പ ലഭിക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): മീൻവല്ലം ജലവൈദ്യുത പദ്ധതി നടപ്പിലാക്കാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ അനുവാദം 1998 ഏപ്രിലിലാണ് നൽകിയത്. ജില്ലാ പഞ്ചായത്ത് പദ്ധതി നടപ്പാക്കുന്നതിനായി പാലക്കാട് "സ്മാൾ ഹൈഡ്രോ കമ്പനി" എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ ഒപ്പുവയ്ക്കുന്നതിനായി വൈദ്യുതി ബോർഡിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 6-6-2002-ലേയും 2-9-2002-ലേയും സർക്കാർ ഉത്തരവുപ്രകാരം 3 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഈ പദ്ധതിക്ക് ഗവൺമെന്റ് ഗ്യാരന്റി നൽകുകയില്ല എന്ന വ്യവസ്ഥയിലാണ് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളത്. ഇപ്പോഴത്തെ ആവശ്യം ഈ കരാറിനു വിപരീതമാണ്. പദ്ധതിക്കാവശ്യമായ പണം സമാഹരിക്കുന്നതു സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. പ്രസ്തുത പണം കണ്ടെത്തുന്നതിനായി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന് നേരിട്ട് വൈദ്യുതി വിൽക്കുന്നതിനായി 19-10-2002-ലെ കത്ത് പ്രകാരം കമ്പനി അനുമതി ചോദിച്ചു. ഈ നിർദ്ദേശം ബോർഡ് പരിഗണിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ പവ്വർ പർച്ചേയ്സ് എഗ്രിമെന്റിലെ ആർട്ടിക്കിൾ 5(1) അനുസരിച്ച് ആ കമ്പനി ഉല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും ബോർഡിന് നൽകേണ്ടതാണ്. പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനിയുടെ ആവശ്യം അവർക്ക് സാമ്പത്തിക സഹായം നൽകുന്ന കമ്പനിയുമായി എഗ്രിമെന്റ് വയ്ക്കുവാനുള്ള ബോർഡിന്റെ അംഗീകാരമാണ്. എന്നാൽ ഇത് പവ്വർ പർച്ചേയ്സ് എഗ്രിമെന്റിലെ വ്യവസ്ഥകൾക്ക് എതിരാണ്. മാത്രമല്ല, കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ വന്ന സാഹചര്യത്തിൽ കമ്പനിയുടെ മേൽ സൂചിപ്പിച്ച ആവശ്യം സംബന്ധിച്ചും വീലിംഗ് ചാർജ്ജ് സംബന്ധിച്ചും കമ്മീഷന്റെ ഉത്തരവ് കൂടി ലഭിക്കേണ്ടതുണ്ട്. 22-2-2003-ൽ പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വൈദ്യുതി ബോർഡ് ചെയർമാന് നൽകിയ കത്തിൽ മറ്റൊരു നിർദ്ദേശം വച്ചിട്ടുണ്ട്. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനിയുടെ ഭൂരിഭാഗം ഓഹരികളും വാങ്ങുകയും അതുപ്രകാരം പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ സബ്സിഡിയറി കമ്പനിയായി മാറുകയും ചെയ്യും. അതനുസരിച്ച് മീൻവല്ലം പ്രോജക്ട് കേരള മിനറൽസ് ആന്റ് മെറ്റൽസ്-ന്റെ ക്യാപ്റ്റീവ് പ്രോജക്ടായി പരിഗണിച്ച് അനുവാദം നൽകണം. ഇതു സംബന്ധിച്ച നിയമവശങ്ങളും മറ്റെല്ലാ കാര്യങ്ങളും പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സാമ്പത്തിക സഹായം ലഭ്യമാകാതെ ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുകയില്ല. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അത് ലഭ്യമാകുന്നതിനുള്ള സഹായങ്ങൾ ആവശ്യമാണ്. അതോടൊപ്പംതന്നെ 1.15 ഏക്കർ വനഭൂമി അനുവദിച്ചുകൊടുത്തിട്ടുണ്ട്. പക്ഷെ, അത് മരം മുറിച്ച് കമ്പനിയേയോ ജില്ലാ പഞ്ചായത്തിനേയോ ഏൽപ്പിച്ചിട്ടില്ല. അതിനുവേണ്ട നടപടി സ്വീകരിക്കണം.

ശ്രീ. കടവൂർ ശിവദാസൻ: വ്യക്തമായ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള കരാറാണ്. ആ കരാർ ഒന്നുംതന്നെ ഗവൺമെന്റോ ബോർഡോ ലംഘിച്ചിട്ടില്ല. പുതിയ വ്യവസ്ഥകൾ ഉണ്ടാകണമെങ്കിൽ അതിനുവേണ്ട തീരുമാനം വേണം.

(2) വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. മുഹമ്മദാലി: സംസ്ഥാനത്ത് പൊതുമേഖലയിലും സഹകാര്യ മേഖലയിലും ഉള്ള വ്യവസായങ്ങൾ വ്യത്യസ്ത കാരണങ്ങളാൽ പ്രതിസന്ധിയിലാണ്. രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി ഗവൺമെന്റ് ഈ കാര്യത്തിൽ ഗൗരവത്തോടുകൂടി ഇടപെട്ടാൽ മാത്രമേ വ്യവസായ മേഖലയിലെ ഗുരുതരമായ സ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ കഴിയൂ. കേന്ദ്ര ഗവൺമെന്റിന്റെ ഉടമയിലുള്ള വ്യവസായങ്ങൾ വിറ്റഴിക്കുന്ന തിരക്കിലാണ്. FACT-യുടെ കാര്യത്തിൽ ഇന്നലെ കേന്ദ്രമന്ത്രി ഷൂറി പറഞ്ഞ കാര്യം സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വേദനാജനകമാണ്. ഓഹരി വിറ്റഴിക്കുന്ന നടപടിയുമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ടു പോകുമെന്നാണ് കേരളത്തിൽ നിന്നുള്ള എം.പി.-മാരോട് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഇന്ത്യാഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുന്നതിനുമുമ്പ് ഇന്ത്യയിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വിറ്റഴിക്കുമെന്ന ദൃഢനിശ്ചയത്തോടുകൂടി അവർ മുന്നോട്ടുപോവുകയാണ്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം FACT പോലെയുള്ള ഒരു വ്യവസായ സ്ഥാപനത്തെ എങ്ങനെ പൊതുമേഖലയിൽ നിലനിർത്താൻ കഴിയുമെന്നതിനെക്കുറിച്ച് പരിശോധിക്കണം. ഒരു വ്യവസായ സ്ഥാപനം എന്ന നിലയിൽ മാത്രമല്ല FACT-യെ കാണേണ്ടത്. രണ്ടു പഞ്ചായത്തുകളിലെ ഭൂരിപക്ഷം പ്രദേശങ്ങളും ഈ വ്യവസായത്തിന്റെ നിയന്ത്രണത്തിലാണ്. ഇവിടെ റോഡ് മെയിന്റനൻസ് നടത്തുന്നത്, സ്ട്രീറ്റ് ലൈറ്റ് നൽകുന്നത്, കുടിവെള്ളം നൽകുന്നത്, ഇവയൊക്കെ ഈ വ്യവസായമാണ്. സഹകാര്യമേഖലയിലേക്ക് ഈ വ്യവസായം പോകുമ്പോൾ സാമൂഹികമായ പല പ്രശ്നങ്ങളും ഉയർന്നുവരും എന്നതുകൂടി ഗവൺമെന്റ് കണക്കിലെടുക്കണം. മറ്റ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും ഇന്ന് പ്രതിസന്ധിയിലൂടെ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു. ഈ സംസ്ഥാന ഗവൺമെൻറിന്റെ നിയന്ത്രണത്തിലുള്ള വ്യവസായങ്ങൾ, T.C.C.-യിൽ തൽക്കാലം ഒരു ആശ്വാസമുണ്ടായിട്ടുണ്ടെങ്കിൽപ്പോലും T.C.C. പ്രതിസന്ധിയിൽ നിന്ന് കരകയറിയിട്ടില്ല. തൊട്ടടുത്തുള്ള F.I.T. വളരെ പഴക്കം ചെന്ന സ്ഥാപനമാണ്. അതും ഇന്ന് പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. അങ്കമാലിയിലെ T.E.L.K. കേരളത്തിൽ പ്രവർത്തിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly